നം.കെ.എസ്.എ-കെ.ടി.എം.പി**9/17/2019** തീയതി : **08.03.2019**

## കോട്ടയം ജില്ലയിലെ നീണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

**(1994** ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് **215(4), 1994** ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് **13, 1996** ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.**)**

കോട്ടയം ജില്ലയിലെ നീണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ **2017-18** സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.04.2017 മുതൽ 30.11.2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 7.01.2019ൽ നടന്ന ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

**(**എ**)** ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ഷൈജു എസ്., ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 27.12.2018 മുതൽ 07.01.2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി ഇന്ദുലേഖ എ. | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി സ്മിത ജി.നായർ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി അമ്പിളി യു. | സീനിയർ ഗ്രേഡ്ഓഡിറ്റർ |
| | ശ്രീ.ഉണ്ണികൃഷ്ണൻ എം. | ഓഡിറ്റർ |

നിർവഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി മിനി കുഞ്ഞുമോൻ | 1.04.2017-30.11.17 |
| | ശ്രീ.എ.സി.ജേക്കബ് (വൈസ് പ്രസിഡന്റ് ഇൻ ചാർജ്ജ്) | 1.12.2017-26.12.17 |
| | ശ്രീമതി എ.ജി.വിമലക്കുട്ടിയമ്മ | 27.12.2017-31.03.2018 |
| സെക്രട്ടറി | ശ്രീമതി മിനി മാത്യു(അസിസ്റ്റന്റ് സെക്രട്ടറി ഇൻ ചാർജ്ജ്) | 1.04.2017-26.04.17 |
| | ശ്രീമതി എൽ.ലത | 27.04.17-05.06.2017 |
| | ശ്രീമതി മിനി മാത്യു(അസി സെക്രട്ടറി ഇൻ ചാർജ്ജ്) | 6.6.2017 - 13.6.17 |
| | ശ്രീ.വി.ജെ.ആന്റണി | 14.06.17-31.03.2018 |

മറ്റ് നിർവഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി നസീമ ബീവി എം. | 1.04.2017-9.06.17 |
| | ശ്രീമതി ഫസ്ലീന എ. | 09.06.17-23.11.17 |
| | ശ്രീമതി അഞ്ജലി എ.എസ്. | 24.11.17-31.03.2018 |
| വെറ്ററിനറി സർജൻ | ഡോ.ശാലിനി ചന്ദ്രൻ | 1.04.2017-15.06.17 |

| | | |
|---|---|---|
| | ഡോ.മഞ്ജുഷ | 16.06.17-31.03.2018 |
| വി.ഇ.ഒ | ശ്രീ.രഞ്ജിത്ത് റ്റി.എം. | 1.04.2017-31.03.2018 |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. | ഡോ.ആഷ പി.നായർ | 01.04.2017-31.03.2018 |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ.ബിന്ദു ബി. | 01.04.2017-02.08.17 |
| | ഡോ.മഹേഷ് ബാബു | 03.08.17-31.03.2018 |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ.മെറിൻ | 01.04.2017-31.03.2018 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി ദിവ്യ വി.ആൻഡ്രൂസ് | 01.04.2017 -21.08.2017 |
| | ശ്രീമതി ലിബിൻ ജേക്കബ് | 22.08.17-31.03.2018 |
| അസിസ്റ്റന്റ് എൻജിനീയർ എൽ.എസ്.ജി.ഡി | ശ്രീമതി സൗമ്യ കെ. | 01.04.2017-03.02.2018 |
| | ശ്രീമതി ബിന്ദു റ്റി.റ്റി. | 04.02.18-31.03.2018 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.എം.വി.കണ്ണൻ | 01.04.2017 - 31.03.2018 |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി മിനി മാത്യു | 1.04.2017-19.01.2018 |
| | ശ്രീ.വിനോദ് കുമാർ ഇ.ജി. | 23.01.18-31.03.2018 |

ഉള്ളടക്കം


| ഖണ്ഡിക നമ്പർ | വിഷയം |
|---|---|
| ഭാഗം **1** പൊതു അവലോകനം | |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം(റസീപ്റ്റ്&പെയ്മെന്റ് അക്കൗണ്ട് പ്രകാരം) |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി |
| 1-8 | ക്ഷേമ പദ്ധതികൾ |
| 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 1-10 | ആഭ്യന്തരനിയന്ത്രണം |
| 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-12 | വാർഷികകണക്കിലെ അപാകതകൾ |
| ഭാഗം **2** വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 2-1-1 | വസ്തുനികുതി-നിയമാനുസൃതമല്ലാത്ത ഇളവുകൾ നൽകുന്നു |

| | |
|---|---|
| 2-1-2 | വസ്തുനികുതി-16 ലക്ഷത്തിലധികം രൂപ കുടിശ്ശിക നിലനിൽക്കുന്നു |
| 2-1-3 | ഉപയോഗക്രമം പരിഗണിക്കാതെ നികുതി നിർണ്ണയിച്ചു |
| 2-1-4 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് പാർപ്പിടാവശ്യത്തിന് ബാധകമായ നിരക്കിൽ നികുതി നിർണ്ണയിച്ചു |
| 2-2-1 | തൊഴിൽനികുതി ഈടാക്കിയില്ല |
| 2-3-1 | ഡി & ഒ ലൈസൻസ്, തൊഴിൽനികുതി എന്നിവ സമയബന്ധിതമായി ഈടാക്കിയില്ല |
| 2-3-2 | ഡി & ഒ ലൈസൻസ്, തൊഴിൽനികുതി എന്നിവ ഈടാക്കിയില്ല |
| 2-4-1 | വാടകയിനത്തിൽ കുടിശ്ശിക വരുത്തി |
| 2-4-2 | കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ്, നീണ്ടൂർ-വാടക ഈടാക്കിയില്ല |
| 2-4-3 | മാർക്കറ്റ് ലേലം - കുടിശ്ശിക തുക ഈടാക്കിയില്ല |
| 2-4-4 | ബൈലോ തയ്യാറാക്കാൻ നടപടികൾ സ്വീകരിക്കണം |
| 2-5 | കെട്ടിടനിർമ്മാണ അനുമതി അപേക്ഷ - നടപടിക്രമങ്ങൾ പാലിക്കുന്നില്ല |
| ഭാഗം **3** ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1 | 8 കി.മീ താഴെയുള്ള യാത്രക്ക് യാത്രബത്ത അനുവദിച്ചു-ചെലവ് തടസസ്സപ്പെടുത്തുന്നു |
| 3-2 | തെരുവ് വിളക്കിന് മീറ്റർ സ്ഥാപിയ്ക്കൽ-പ്രോജക്റ്റ് നിർവ്വഹണത്തിൽ അപാകതകൾ-തുക തടസ്സപ്പെടുത്തുന്നു |
| 3-3 | വാട്ടർ കിയോസ്ക്ക്-പ്ലാറ്റ്ഫോം സ്ഥാപിയ്ക്കൽ-പ്രോജക്റ്റ് നിർവ്വഹണത്തിൽ അപാകതകൾ-തുക തടസ്സപ്പെടുത്തുന്നു |
| 3-4 | വിവിധ ആവശ്യങ്ങൾക്കായി ലഭിച്ച ഗ്രാന്റുകൾ വിനിയോഗിക്കാതെ തനതുഫണ്ടിൽ സൂക്ഷിക്കുന്നു |
| 3-5 | പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ്-കെട്ടിടനിർമ്മാണം പൂർത്തീകരിച്ചിട്ടും പ്രവർത്തനം ആരംഭിച്ചിട്ടില്ല |
| 3-6 | എസ്.സി. കോളനിയിൽ പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ-പദ്ധതി നാളിതുവരെ ആരംഭിച്ചിട്ടില്ല-1,08,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-7 | ഗുണഭോക്തൃസമിതി മുഖേന നിർമ്മാണം-നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല |
| 3-8 | വാട്ടർ അതോറിറ്റിയ്ക്ക് നിക്ഷേപപ്രവൃത്തി-തുടർ നടപടികളുടെ വിവരം വ്യക്തമല്ല-ചെലവുതുക തടസ്സപ്പെടുത്തുന്നു |
| ഭാഗം **4** പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് |

| | |
|---|---|
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| അനുബന്ധം 1 | ഓഡിറ്റ് സാക്ഷ്യപത്രം 2017-18 |
| അനുബന്ധം 2 | ബാലൻസ് ഷീറ്റ് - 31.03.2018 തീയതിയിൽ 2017-18 |
| അനുബന്ധം 3 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് 2017-18 |
| അനുബന്ധം 4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2017-18 |


## ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2017 -18വർഷത്തെ ബജറ്റ് 19.03.2018 തീയതിയിലെ 14-ാം നം. തീരുമാനപ്രകാരം പുതുക്കി അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവുചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രതീക്ഷ | യഥാർത്ഥം |
|---|---|---|
| മുന്നിരിപ്പ് | 87,94,735 | 82,56,654 |
| വരവ് | 8,20,35,930 | 4,85,48,550 |
| ആകെ | 9,08,30,665 | 5,68,05,204 |
| ചെലവ് | 8,41,85,000 | 4,81,31,627 |
| നീക്കിയിരിപ്പ് | 66,45,665 | 86,73,577 |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത തുകകളും യഥാർഥ തുകകളും തമ്മിൽ വലിയ അന്തരം നിലനില്ക്കുന്നതിൽ നിന്ന് പഞ്ചായത്ത് രാജ് നിയമത്തിലെ വ്യവസ്ഥകൾ കൃത്യമായി പാലിച്ചല്ല ബജറ്റ് തയാറാക്കിയതെന്ന് വ്യക്തമാകുന്നു.സെക്രട്ടറിയുടെ ചുമതലയിലുള്ള നോൺപ്ലാൻ എസ്റ്റിമേറ്റുകൾ തയാറാക്കി ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചിട്ടില്ല. കൂടാതെ മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾ ബജറ്റ് നിർദേശങ്ങൾ തയാറാക്കി സ്റ്റാന്റിംഗ്കമ്മിറ്റിക്ക് സമർപ്പിച്ചതിന്റെ വിവരങ്ങളുമില്ല.

കൂടാതെ സ്ഥാപനത്തിന്റെ വരുമാനം വർധിപ്പിക്കാനുതകും വിധം പുതിയ നികുതി നിർദേശങ്ങളോ, നിലവിലെ നികുതി ഘടനയിൽ മാറ്റങ്ങളോ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി നിർദേശിക്കുകയോ ചർച്ച ചെയ്യുകയോ ഉണ്ടായില്ല. ബജറ്റിൽ നിർദേശിക്കാത്ത ഇനം സംബന്ധിച്ചും, നിർദേശിച്ചതിൽ അധികരിച്ച ചെലവ് സംബന്ധിച്ചും പരിശോധിക്കുന്നതിന് ബജറ്റും, അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയർ സാംഖ്യയും തമ്മിൽ സംയോജിപ്പിച്ചിട്ടില്ലാത്തതിനാൽ സാധിക്കുന്നില്ല.

വകുപ്പ് 214(5) പ്രകാരം പഞ്ചായത്ത് ഒരു വർഷത്തിനിടയ്ക്ക് അതിന്റെ വരവിനേയോ, അത് ഏറ്റെടുത്തിട്ടുള്ള വിവിധ പ്രവർത്തികൾക്കുള്ള ചെലവിനേയോ സംബന്ധിച്ച് ബഡ്ജറ്റിൽ കാണിച്ചിട്ടുള്ള എസ്റ്റിമേറ്റിൽ മാറ്റം വരുത്തേണ്ടത്

ആവശ്യമാണെന്ന് കാണുന്നുവെങ്കിൽ, സ്റ്റാന്റിംഗ് കമ്മിറ്റി അനുപൂരകമോ പുതുക്കിയതോ ആയ ഒരു ബഡ്ജറ്റ് തയ്യാറാക്കി, അനുവാദത്തിനു വേണ്ടി പഞ്ചായത്തിന്റെ മുൻപാകെ വെച്ച് അംഗീകാരം വാങ്ങണം. ഇതനുസരിച്ച് വാർഷിക ബജറ്റ് 19.03.2018 ൽ പുതുക്കിയിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2016 | 31.05.18 | -- | -- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2017-2018 | 11.06.2018, 12.06.18 |

പരിശോധനയുടെ അടിസ്ഥാനത്തിൽ 20.06.2018-ലെ കെ.എസ്.എ-കെ.ടി.എം.പി9-1119/18 നമ്പരായി വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം നല്കിയിട്ടുണ്ട്. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 82,56,654 |
| വരവ് | 4,85,48,550 |
| ആകെ | 5,68,05,204 |
| ചെലവ് | 4,81,31,627 |
| നീക്കിയിരിപ്പ് | 86,73,577 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | ട്രഷറി ക്യൂബിൽ | നീക്കി യിരിപ്പ് | ശത മാനം |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 1,08,35,500 | 1,08,35,500 | 89,46,427 | 274,314 | 16,14,759 | 82.5 |
| വികസനഫണ്ട് എസ്.സി.പി. | 0 | 32,58,009 | 32,58,009 | 29,45,000 | 0 | 3,13,009 | 90.3 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 2,66,891 | 2,66,891 | 2,48,463 | 0 | 18,428 | 93 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 30,26,000 | 30,26,000 | 29,61,219 | 0 | 64,781 | 97.8 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 28,31,620 | 28,31,620 | 26,98,646 | 30,000 | 1,02,974 | 95.3 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 55,24,993 | 55,24,993 | 55,01,285 | 0 | 23,708 | 99.5 |
| കെ.എൽ.എസ്. ജി.ഡി.പി | -0 | 22,12,101 | 22,12,101 | 20,53,930 | -- | 1,58,171 | 82.75 |
| ട്രഷറി ഓൺ ഫണ്ട് vpfa 1, 2 | -39,35,588 | 76,10,282 | 1,15,45,870 | 1,15,30,301 | -- | 15,589 | -- |
| എം.ജി.എൻ.ആർ. ഇ.ജി.എസ്. | 8,734.03 | 46,76,998 | 46,85,732 | 46,68,268 | -- | 17,464 | -- |

| | | | | | | | |
|---|---|---|---|---|---|---|---|
| ട്രഷറി ടി.എസ്.ബി ജോയിന്റ് വെഞ്ചർ | 1,10,556 | 7,80,000 | 8,90,556 | 8,30,556 | -- | 60,000 | -- |
| ബി ഫണ്ട് | -- | 5,36,58,656 | 5,36,58,656 | 5,36,58,656 | -- | -- | -- |
| തനതുഫണ്ട്, എസ്.ബി.ഐ. | 5,90,312 | 1,10,51,143 | 1,16,41,455 | 52,18,569 | 64,22,886 | | |
| ക്യാഷ് | 3,34,495 | 56,034 | 3,90,529 | 3,34,495 | 56,034 | -- | -- |

## 1-6 പദ്ധതി അവലോകനം

13-ാം പഞ്ചവത്സര പദ്ധതിയുടെ (2017-18 മുതൽ 2021-22) ആദ്യ വാർഷികപദ്ധതിയാണ് 2017-18 ലേത്. പതിമൂന്നാം പഞ്ചവത്സരപദ്ധതിയുടെ പ്രഖ്യാപിത ലക്ഷ്യമായി സർക്കാർ നിശ്ചയിച്ചിട്ടുള്ളത് പദ്ധതി കാലയളവിനുള്ളിൽ കേരളത്തെ സാമ്പത്തികവളർച്ചയുടെ ഉയർന്ന തലത്തിലേക്ക് എത്തിക്കുക, സാമൂഹ്യനീതി, പരിസ്ഥിതിസുരക്ഷ എന്നിവയുടെ ഉത്തമ മാതൃകയായി മാറ്റുക എന്നിവയാണ്. ടി ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി 13-ാം പദ്ധതിയിലെ ആദ്യ വാർഷികപദ്ധതി തയാറാക്കുന്നതിനുള്ള മാർഗ്ഗരേഖ തദ്ദേശ സ്വയംഭരണവകുപ്പിന്റെ 9.1.2017ലെ സർക്കാർ ഉത്തരവ്(എം.എസ്)10/2017 ആയി പുറപ്പെടുവിക്കുകയുണ്ടായി. പദ്ധതി ആസൂത്രണ ഘട്ടങ്ങളും നടപടിക്രമങ്ങളും പ്രസ്തുത ഉത്തരവിൽ വിശദമായി പ്രതിപാദിച്ചിരുന്നു.

ടി ഉത്തരവിലെ നിർദേശ പ്രകാരം പദ്ധതി ആസൂത്രണത്തിലെ ആദ്യനടപടിയായി ആസൂത്രണസമിതിയും വർക്കിംഗ് ഗ്രൂപ്പുകളും പുന:സംഘടിപ്പിക്കുകയും 3/2017 ൽ 14 വർക്കിംഗ് ഗ്രൂപ്പുകളുടെയും യോഗങ്ങൾ ചേരുകയും ചെയ്തു. അവസ്ഥാരേഖ (സ്റ്റാറ്റസ് റിപ്പോർട്ട്)പരിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്. തയാറാക്കിയ കരട് പ്രോജക്ടുകൾ 4/2017 ൽ നടന്ന പദ്ധതി ആസൂത്രണ ഗ്രാമസഭ/ഊരുകൂട്ട യോഗങ്ങളിൽ അവതരിപ്പിക്കുകയും അവയുടെ അംഗീകാരത്തോടെ 15.5.2017ൽ വികസനസെമിനാറിൽ ചർച്ച ചെയ്ത് അംഗീകരിക്കുകയും ചെയ്തതായി കാണുന്നു. കൂടാതെ പദ്ധതി ആസൂത്രണത്തിൽ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ചുമതലകൾ 13-ാം പഞ്ചവത്സരപദ്ധതിയിലെ ആദ്യ വാർഷികപദ്ധതി തയാറാക്കൽ മാർഗനിർദേശങ്ങൾ സംബന്ധിച്ച തദ്ദേശസ്വയംഭരണവകുപ്പിന്റെ 29.3.17ലെ 72/2017 നമ്പർ ഉത്തരവിന്റെ അനുബന്ധം 3 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ചുമതലകൾ നിർവഹിച്ചതിന്റെ വിശദാംശങ്ങളൊന്നും തന്നെ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ മിനിറ്റ്സ്ബുക്കുകളിലോ, പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട മറ്റ് രജിസ്റ്ററുകളിലോ ഉൾപ്പെടുത്തിയിട്ടില്ല. പദ്ധതി ആസൂത്രണ നിർവഹണ നടപടികളിൽ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കാര്യക്ഷമമായ ഇടപെടലുകൾ ഉറപ്പാക്കേണ്ടതാണ്.
ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 20.5.2017 ലെ 1-ാം നമ്പർ തീരുമാനപ്രകാരം 2017-18 വാർഷികപദ്ധതിക്ക് അംഗീകാരം നല്കി.

ഈ വാർഷിക പദ്ധതിയ്ക്ക് താഴെ പ്രതിപാദിക്കും പ്രകാരം ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം ലഭിച്ചു.

അംഗീകാര നം./തീയതി 497/17//DPC/DPO/KTM തീയതി 23.3.2018

ആകെ അടങ്കൽ 4,28,69,075 രൂപ

വിവിധ മേഖലകളിലെ വകയിരുത്തലും ചെലവുവിവരവും.

| ക്രമ നം. | മേഖല | അംഗീകാരം ലഭിച്ചത് | നടപ്പിലാക്കിയ പദ്ധതികൾ | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|---|
| 1. | ഉത്പാദനം | 8 | 8 | 86,24,949 | 66,92,493 | 77.59 |
| 2. | സേവനം | 74 | 45 | 2,01,49,199 | 1,24,60,756 | 61.84 |
| 3. | പശ്ചാത്തലം | 67 | 57 | 1,40,94,927 | 1,03,83,268 | 73.66 |
| | ആകെ | 149 | 110 | 4,28,69,075 | 2,95,36,517 | 69.42 |

ആകെ ആവിഷ്കരിച്ച 149 പ്രോജക്ടുകളിൽ 110 എണ്ണം നടപ്പിലാക്കിയിട്ടുണ്ട്. അംഗീകാരം ലഭിച്ച 39 പ്രോജക്ടുകൾ ഉപേക്ഷിച്ചു. ചെലവ് ശതമാനം ഉയർത്താൻ ശ്രദ്ധിക്കേണ്ടതാണ്.

നിർവ്വഹണോദ്യോഗസ്ഥരും പദ്ധതി നിർവ്വഹണവും

അംഗീകാരം ലഭിച്ച 149 പദ്ധതികളുടെ നിർവ്വഹണത്തിന് താഴെ പ്രതിപാദിക്കും പ്രകാരം 11 നിർവ്വഹണോദ്യോഗസ്ഥരെ ചുമതലപ്പെടുത്തി.

| ക്രമ നം. | നിർവ്വഹണോദ്യോഗസ്ഥർ | ഏൽപ്പിച്ച പദ്ധതികളുടെ എണ്ണം | നിർവ്വഹിച്ച പദ്ധതികളുടെ എണ്ണം | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|---|
| 1. | കൃഷി ഓഫീസർ | 1 | 1 | 37,00,000 | 34,21,000 | 92 |
| 2. | വെറ്ററിനറി സർജൻ | 5 | 5 | 45,49,949 | 28,99,750 | 64 |
| 3. | മെഡിക്കൽ ഓഫീസർ - പി.എച്ച്.സി. | 3 | 3 | 10,35,684 | 7,08,145 | 68.37 |
| 4. | മെഡിക്കൽ ഓഫീസർ - ഹോമിയോ | 1 | 1 | 1,08,000 | 1,06,000 | 98 |
| 5. | മെഡിക്കൽ ഓഫീസർ - ആയുർവേദം | 1 | 1 | 1,00,000 | 1,00,000 | 100 |
| 6. | വി.ഇ.ഒ. | 6 | 6 | 29,66,638 | 25,04,000 | 84.4 |
| 7. | ഐ.സി.ഡി.എസ്. സൂപ്പർ വൈസർ | 3 | 3 | 35,87,400 | 33,53,418 | 93 |
| 8. | സെക്രട്ടറി | 24 | 12 | 31,59,855 | 51,95,522 | 61 |
| 9 | അസിസ്റ്റന്റ് എഞ്ചിനീയർ | 99 | 72 | 2,04,19,939 | 1,23,39,414 | 60.2 |
| 10. | അസിസ്റ്റന്റ് സെക്രട്ടറി | 5 | 5 | 9,07,943 | 8,72,943 | 96 |
| 11. | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 3,00,000 | 2,98,812 | 99.6 |
| | ആകെ | **149** | **110** | **4,28,69,075** | **2,97,63,337** | **69.42** |

കാർഷികമേഖലയിൽ നെൽകൃഷി വികസനം ലക്ഷ്യമാക്കിയുള്ള ഒരു പ്രോജക്ട് മാത്രമാണ് കൃഷിഓഫീസർ നടപ്പിലാക്കിയത്. പ്രോജക്ട് കാര്യക്ഷമമായി നിർവഹിച്ചതായി ഇതുസംബന്ധിച്ച ഫയലുകളുടെ പരിശോധനയിൽ വ്യക്തമായിട്ടുണ്ടെങ്കിലും അപ്പർ കുട്ടനാടൻ മേഖലയിൽ ഉൾപ്പെടുന്നതും കാർഷികമേഖലയ്ക്ക് കൂടുതൽ പ്രാധാന്യം നൽകുന്ന പഞ്ചായത്ത് എന്നനിലയിലും പ്രോജക്ടുകളുടെ എണ്ണക്കുറവ് ഉത്പാദനമേഖലയിലെ അപാകതയാണ്. എന്നാൽ കാർഷികമേഖലയുടെ ചുമതലയുള്ള വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രോജക്ടുകളുടെ നിർവഹണ മോണിട്ടറിംഗ് പ്രക്രിയകളിൽ ഫലപ്രദമായി ഇടപെട്ടതിന്റെ വിവരങ്ങളില്ല.

പ്രത്യേകകന്നുകുട്ടി പരിപാലന പദ്ധതി, പെണ്ണാട്, മുട്ടക്കോഴി എന്നിവയുടെ വിതരണം തുടങ്ങി വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിൽ വരുന്ന പ്രോജക്ടുകളാണ് വെറ്ററിനറി സർജൻ നിർവഹണം നടത്തിയത്. കൂടാതെ മൃഗാശുപത്രിയ്ക്ക് മരുന്നുവാങ്ങൽ തുടങ്ങിയ പ്രോജക്ടുകളും നടപ്പിലാക്കി.

ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിലുള്ള പാലിയേറ്റീവ് പരിചരണ പ്രോജക്ട് മെഡിക്കൽ ഓഫീസർ, പി.എച്ച്.സി കാര്യക്ഷമമായി നടപ്പാക്കിവരുന്നു. എന്നാൽ 2015 ലെ പാലിയേറ്റീവ് പരിചരണ മാർഗരേഖ നിർദേശിച്ച വിധം പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി, പാലിയേറ്റീവ് കെയർ നിർവഹണ കമ്മിറ്റി എന്നിവ രൂപീകരിച്ച് യഥാസമയം യോഗം ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തുന്നുണ്ട്. സ്ഥാപനതലത്തിലെ ഏറ്റവും പ്രധാനപ്പെട്ട ആരോഗ്യപ്രവർത്തനമെന്ന നിലയിൽ ഈ പ്രോജക്ടിന് അർഹിക്കുന്ന പ്രാധാന്യം ഉറപ്പുവരുത്താൻ ഭരണസമിതിയും ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയും ശ്രദ്ധ പുലർത്തുന്നുണ്ട്.

എസ്.സി, പൊതു വിഭാഗങ്ങളിൽപെട്ട ഗുണഭോക്താക്കൾക്കായി വീട്ടുകളുടെ ഗുണമേന്മാ വർദ്ധനവ്, പട്ടികവർഗവിഭാഗത്തിനുള്ള ഭവനപുനരുദ്ധാരണം എന്നീ വികസനകാര്യ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ചുമതലയിൽ വരുന്ന പ്രോജക്ടുകളും, മഴവെള്ളസംഭരണി, ഗാർഹിക ബയോഗ്യാസ് പ്ലാന്റ് തുടങ്ങി ആരോഗ്യ വിദ്യാഭ്യാസ

സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിൽ വരുന്ന പ്രോജക്ടുകളും വി.ഇ.ഒ യാണ് നിർവഹിച്ചത്.

ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിൽ ഉൾപ്പെട്ട അങ്കണവാടി അനുപൂരക പോഷകാഹാരം, ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പ്, തുടങ്ങിയ പ്രോജക്ടുകൾ ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പിലാക്കി. അങ്കണവാടികളുടെ മോണിട്ടറിംഗ് & വെൽഫയർ കമ്മിറ്റി യോഗ മിനിറ്റ്സ് പരിശോധിച്ചതിൽ അങ്കണവാടികളുടെ പ്രവർത്തനവും പോഷകാഹാരവിതരണവും സംബന്ധിച്ച വിലയിരുത്തൽ നടക്കുന്നതായി കാണപ്പെട്ടില്ല. വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സുകളിൽ അങ്കണവാടികളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ആവശ്യപ്പെട്ട് പ്രോജക്ട് നിർദേശങ്ങൾ ഉണ്ടാവുകയും അങ്കണവാടികളുടെ മെയിന്റനൻസിന് 8 പ്രോജക്ടുകൾ വെയ്ക്കുകയും ചെയ്തു. ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ കാര്യമായ ഇടപെടലുകൾ അങ്കണവാടിയുടെ ദൈനംദിന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഉണ്ടാകുന്നുണ്ടെന്ന് അങ്കണവാടികളിൽ നടത്തിയ ഭൗതിക പരിശോധനയിൽ ഓഡിറ്റ് ടീമിന് ബോദ്ധ്യപ്പെട്ടു.

ഓഡിറ്റ് വർഷം ഹെഡ്മാസ്റ്റർ നിർവ്വഹണോദ്യോഗസ്ഥനായി പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടില്ല. എസ്.എസ്.എ ഫണ്ടുകളുടെ വിനിയോഗം സംബന്ധിച്ച് സ്കൂളുകളിൽ പരിശോധന നടത്തുന്നതിന് ആരോഗ്യവിദ്യാഭ്യാസ സ്റ്റാന്റിംഗ്കമ്മിറ്റി ജനറൽകമ്മിറ്റിക്ക് ശുപാർശ നല്കിയെങ്കിലും പരിശോധന നടത്തിയില്ല.

ധനകാര്യം, വികസനം, ആരോഗ്യ-വിദ്യാഭ്യാസം, ക്ഷേമകാര്യം ഉൾപ്പെടെ എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും ചുമതലകളിൽപെട്ട പ്രോജക്ടുകൾ സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി അംഗീകാരം നേടിയിരുന്നു. ഇവയിൽ 36 എണ്ണവും സ്ട്രീറ്റ് ലൈൻ വലിക്കുന്നതിനായി ഇലക്ട്രിസിറ്റി ബോർഡിലേക്കുള്ള നിക്ഷേപപ്രവൃത്തികളാണ്. കൂടാതെ വാട്ടർ അതോറിട്ടിയിലേക്ക് 2 പ്രോജക്ടുകൾക്കായി തുക നിക്ഷേപിച്ചു. സാമൂഹ്യസുരക്ഷാവിഹിതം, ഐ.കെ.എം പ്രവർത്തന ഫണ്ട്, തെരുവ് വിളക്കുകൾ മെയിന്റനൻസ്. പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ തുടങ്ങിയ പ്രോജക്ടുകളായിരുന്നു സെക്രട്ടറി നടപ്പിലാക്കിയത്.

പട്ടികജാതി, പട്ടികവർഗവിഭാഗങ്ങളുടെ ഉന്നമനം ലക്ഷ്യമാക്കിയുള്ള പ്രോജക്ടുകളും, ആശ്രയ ഗുണഭോക്താക്കൾക്കുള്ള പ്രോജക്ടുകളുമുൾപ്പെടെ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിലുള്ള പ്രോജക്ടുകളാണ് അസിസ്റ്റന്റ് സെക്രട്ടറി നിർവഹിച്ചത്. ടി പ്രോജക്ടുകൾ പൊതുവെ അപാകതകളില്ലാതെ നടപ്പാക്കിയിട്ടുണ്ട്.

<u>പൊതു മരാമത്ത് പ്രവൃത്തികൾ– ആസൂത്രണത്തിലും പദ്ധതി നടത്തിപ്പിലും പോരായ്മകൾ</u>

കേരള പഞ്ചായത്ത് രാജ് നിയമം 162 എ പ്രകാരം പൊതുമരാമത്ത് പ്രവൃത്തികൾ വികസന സ്റ്റാന്റിങ്ങ് കമ്മറ്റിയുടെ ചുമതലയിൽ വരുന്നതാണ്. ഈ മേഖലയിൽ 2017-18 വർഷത്തിൽ പദ്ധതി ആസൂത്രണം ചെയ്യുന്നതിലും നടപ്പിലാക്കുന്നതിലും അപാകതകൾ ഉണ്ടായിട്ടുണ്ട്.

**1)** <u>വികസന സ്റ്റാന്റിംഗ് കമ്മറ്റി പൊതുമരാമത്ത് പ്രവൃത്തികൾ മോണിറ്ററിങ്ങ് നടത്തുന്നില്ല</u>

പദ്ധതി നിർവ്വഹണം ആരംഭിക്കുന്നതു മുതൽ പൂർത്തിയാകുന്നതു വരെ മോണിറ്റർ ചെയ്യുന്നത് പദ്ധതി നടത്തിപ്പിലെ അപാകതകളും പോരായ്മകളും പരിഹരിക്കുന്നതിനും പദ്ധതി ലക്ഷ്യത്തിലെത്തിക്കുന്നതിനും സഹായിക്കുന്നു. വർക്കിങ്ങ് ഗ്രൂപ്പുകളിലൂടെ പദ്ധതി മോണിറ്ററിങ്ങ് നടത്തി റിപ്പോർട്ട് നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ട ചുമതല വികസന സ്റ്റാന്റിംഗ് കമ്മറ്റിയിൽ നിക്ഷിപ്തമാണ്. ഓഡിറ്റ് വർഷം നടപ്പിലാക്കിയിട്ടുള്ള പൊതുമരാമത്ത് പ്രവൃത്തികളിലൊന്നിലും പദ്ധതി നിർവ്വഹണ കലണ്ടർ, പദ്ധതി വിലയിരുത്തൽ റിപ്പോർട്ട് എന്നിവ കാണുന്നില്ല. പ്രവൃത്തി ഫയലുകൾക്കൊപ്പമുള്ള മോണിറ്ററിങ്ങ് റിപ്പോർട്ടിൽ വർക്കിംഗ് ഗ്രൂപ്പ് ചെയർമാന്റെ ഒപ്പ്, പദ്ധതിയുടെ പേര്, ചെലവ് തുക എന്നിവ മാത്രമാണ് ചേർത്തിരിക്കുന്നത്. പദ്ധതി ലക്ഷ്യം കൈവരിച്ചോ, ഗുണഭോക്താക്കളുടെ വിശദാംശം, പ്രോജക്ടിൽ ലക്ഷ്യമിട്ട എല്ലാ പ്രവർത്തനവും നടന്നോ, നിർവ്വഹണം തൃപ്തികരമാണോ തുടങ്ങിയ വിശദാംശങ്ങളൊന്നും ചേർത്തിട്ടില്ല.

**2)** <u>പദ്ധതികൾ പൂർത്തീകരിക്കുന്നില്ല</u>

പഞ്ചായത്തിൽ തൻ വർഷം പൊതു മരാമത്ത് മേഖലയിൽ 99പദ്ധതികൾക്ക് അംഗീകാരം വാങ്ങിയിട്ടുണ്ടെങ്കിലും 72 എണ്ണം മാത്രമേ നടപ്പിലാക്കിയിട്ടുള്ളൂ. പദ്ധതി രൂപീകരണം മുതൽ പദ്ധതി പൂർത്തീകരണം വരെയുള്ള ഘട്ടങ്ങളിൽ വികസന സ്റ്റാന്റിംഗ് കമ്മറ്റിയുടെ ഫലപ്രദമായ ഇടപെടൽ ഉണ്ടായിട്ടില്ല. ആകെ 2,04,19,939 രൂപ വകയിരുത്തിയെങ്കിലും 1,23,39,414 രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത് (60.42%). സമയബന്ധിതമായി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെങ്കിലും പുതിയ പ്രവർത്തികളേറെയും നവംബർ, ഡിസംബർ, ജനുവരി മാസങ്ങളിൽ മാത്രമാണ് കരാറിലേർപ്പെട്ടിട്ടുള്ളത്. ആവശ്യകതയ്ക്കനുസരിച്ച് മുൻഗണനാക്രമത്തിൽ കൃത്യമായ പ്ലാനിങ്ങിലൂടെയല്ലാതെ പദ്ധതികൾ നടപ്പിലാക്കിയതിനാൽ പദ്ധതിപണം പഞ്ചായത്തിന്റെ വികസനത്തിന് ഉപയോഗിക്കാൻ കഴിയാതെ വന്നിട്ടുണ്ട്.

**3)** <u>ചുമതലകളുടെ നിർവ്വഹണത്തിൽ ശ്രദ്ധിക്കണം</u>

പശ്ചാത്തല മേഖലയിൽ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുമ്പോൾ പഞ്ചായത്തിന്റെ ചുമതലാ നിർവ്വഹണത്തിന് മുൻതൂക്കം നൽകേണ്ടതാണ്. തയ്യാറാക്കിയ 72 പ്രവർത്തികളിൽ 90% പ്രവർത്തികളും റോഡ് വികസനത്തിനായുള്ളതാണ്. ഇതിൽ തന്നെ ഫണ്ട് വാർഡ് തലത്തിൽ വിഭജിച്ച് ചെറിയ ചെയിനേജുകളിൽ കൃത്യമായ കണക്ടിവിറ്റി ഇല്ലാതെ റോഡ് പ്രവർത്തി നടപ്പിലാക്കിയതായി കാണുന്നു. ഇത് പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങളെ

പ്രതികൂലമായി ബാധിക്കുന്നു. തൻവർഷം തുക വകയിരുത്തി നടപ്പിലാക്കാത്ത പ്രവൃത്തികളിൽ പഞ്ചായത്തിന്റെ സ്വപ്ന പദ്ധതികളായ ഇൻഡോർ സ്റ്റേഡിയം നിർമ്മാണം, പ്ലാസ്റ്റിക് ഷ്രേഡിംഗ് യൂണിറ്റ് നിർമ്മാണം പൂർത്തിയാക്കൽ എന്നിവ ഉൾപ്പെടുന്നുണ്ട് പഞ്ചായത്ത് അനിവാര്യമായും മുൻഗണന നൽകിയും സമയ ബന്ധിതമായും നടപ്പിലാക്കേണ്ട ഇത്തരം പ്രവർത്തികൾക്ക് ഫണ്ട് വകയിരുത്തിയതിന് ശേഷം നടപ്പിലാക്കാതെ പാഴാക്കുന്നത് പഞ്ചായത്തിന്റെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയാണ്.

**4)** പദ്ധതി രൂപീകരണത്തിൽ ഗ്രാമസഭാ, വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങൾ പരിഗണിക്കണം

ആസൂത്രണ സമിതിയും വർക്കിംഗ് ഗ്രൂപ്പുകളും തയ്യാറാക്കുന്ന വികസനരേഖ ഗ്രാമസഭകളിൽ അവതരിപ്പിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിന്റെ മുഖ്യ വികസന പ്രശ്നങ്ങൾ പ്രതിഫലിക്കുന്നത് ഗ്രാമ സഭയിലാണ്. ഗ്രാമസഭ, വർക്കിംഗ് ഗ്രൂപ്പ് എന്നിവയിൽ നിന്നുള്ള പല നിർദ്ദേശങ്ങളും പദ്ധതികളിൽ പ്രതിഫലിച്ചിട്ടില്ല. ഉദാഹരണം നെടുങ്ങാടപ്പള്ളി കുടിവെള്ളപദ്ധതിയ്ക്ക് കിണർ താഴ്ത്തൽ, ഡ്രെയിനേജ് സംവിധാനങ്ങൾ റോഡുകളിൽ നടപ്പിലാക്കുക എന്നിവ.

പ്രോജക്ടുകളുടെ രൂപീകരണത്തിലും നിർവഹണത്തിലും സർക്കാർ മാർഗരേഖയിലെ നിർദേശങ്ങൾ കൃത്യമായി ഉൾക്കൊണ്ട സമീപനം സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും വർക്കിംഗ് ഗ്രൂപ്പുകളുടെയും ഭാഗത്ത് നിന്ന് ഉണ്ടായി കാണുന്നില്ല.

## 1-7 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതിയുടെ 2017-18 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ 15 വാർഡുകളിലെ തൊഴിലാളികളെ ഉൾപ്പെടുത്തി 2 എണ്ണം ലേബർ ഗ്രാമസഭകൾ കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2017-18 ആക്ഷൻ പ്ലാൻ പ്രകാരം ആകെ 256 പ്രോജക്ടുകളാണ് വിഭാവനം ചെയ്തത്. സാങ്കേതിക അനുമതി ലഭിച്ച 48 പ്രോജക്ടുകളിൽ 45 പ്രോജക്ടുകൾ തൻവർഷം നടപ്പിലാക്കി. 2017-18 വർഷം 14529 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 394 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. മഴക്കുഴി നിർമ്മാണം, ഭൂമി തട്ട് തിരിക്കൽ, പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം, ഫലവൃക്ഷ തൈ നഴ്സറി നിർമ്മാണം എന്നീ പ്രോജക്ടുകളാണ് ഏറ്റെടുത്ത് നടപ്പാക്കിയത്. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ നീണ്ടൂർ അക്കൗണ്ട് നം.67060428700 അക്കൗണ്ടിലൂടെയാണ് തൊഴിലുറപ്പ് ഫണ്ടിന്റെ വിനിമയം നടത്തുന്നത്. ധനകാര്യ പത്രിക പ്രകാരമുള്ള 2017-18 വരവുചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 8,734.3 | 4,24,440 | 4,33,174 | 4,15,710 | 17,464.3 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | -- | 42,52,558 | 42,52,558 | 42,52,558 | 0 |
| | 8,734.3 | 46,76,998.3 | 46,85,732 | 46,68,268.3 | 17,464.3 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| തൊഴിൽരഹിത വേതനം | 52 | 17,400 |
| കർഷകതൊഴിലാളി പെൻഷൻ | 661 | 78,26,700 |
| വിധവാപെൻഷൻ | 528 | 61,44,600 |
| വാർദ്ധക്യകാലപെൻഷൻ | 1020 | 1,27,81,900 |
| വികലാംഗപെൻഷൻ | 271 | 2,54,99,500 |
| അവിവാഹിതരായ 50 വയസ്സിന് മുകളിൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 32 | 2,74,300 |
| സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 11 | 3,30,000 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

നീണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ ധനകാര്യ പത്രികയുടെ ഓഡിറ്റിന്റെ ഭാഗമായി 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ്

പരിശോധന04.01.2019തീയതിയിൽ 2:45 പി.എം.ന് പഞ്ചായത്ത് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ 16,838 രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ആഭ്യന്തര നിയന്ത്രണസംവിധാനത്തിന്റെ പൂർണത സ്ഥാപനത്തിന്റെ വളർച്ചയുടെ പ്രധാന ഘടകം ആണ്. നീണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണസംവിധാനം താരതമ്യേന മെച്ചപ്പെട്ടതാണ്. സദ്ഭരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ(ISO certification) പുരോഗമിക്കുന്നു. എങ്കിലും രജിസ്റ്ററുകളുടെയും വിവരശേഖരണ സംവിധാനങ്ങളുടെയും കാലികമായും കൃത്യമായുമുള്ള സൂക്ഷിപ്പിൽ കുറേക്കൂടി ജാഗ്രത പുലർത്തേണ്ടതുണ്ട്. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതി ഉദ്യോഗസ്ഥ തലങ്ങളിലും പ്രത്യേക ശ്രദ്ധ ഊന്നേണ്ട വിഷയമാണിത്. നികുതി നികുതിയേതര വരുമാനങ്ങൾ വർദ്ധിക്കേണ്ടത് പഞ്ചായത്തിന്റെ പുരോഗതിയുടെ അവശ്യ ഘടകമാണ്. ഇതുമായി ബന്ധപ്പെട്ട അപാകങ്ങൾ താഴെ കൊടുക്കുന്നു

- ട്രേഡേഴ്സ് രജിസ്റ്റർ കാലികമാക്കി ഡി&ഒ ലൈസൻസ് കൃത്യമായി ഈടാക്കാത്തത് സ്ഥാപനത്തിന്റെ വരുമാന വർദ്ധനവിനെ ബാധിക്കുന്നു
- വരവ് നിർണ്ണയിക്കുന്നതിലും ഫീസ് പിരിക്കുന്നതിലുമുള്ള അപാകങ്ങൾ, മറ്റു നികുതിയിനങ്ങളിലെ വരവുകൾ സംബന്ധിച്ച രജിസ്റ്ററുകളുടെ കൃത്യതക്കുറവ് എന്നിവ അടിയന്തിരമായി പരിഹരിക്കപ്പെടേണ്ടതാണ്.
- കെട്ടിട നിർമ്മാണവും വസ്തുനികുതിയുമായി ബന്ധപ്പെട്ട ഫയലുകളുടെ ക്രമീകരണത്തിൽ സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല.
- വരവുചെലവ് കണക്കുകൾ ബജറ്റിന്റെ അടിസ്ഥാനത്തിൽ മോണിട്ടർ ചെയ്യുന്നില്ല.
- വസ്തുനികുതി ഡിമാന്റ് കളക്ഷൻ ബാലൻസ് തുകകൾ ക്യാഷ്ബുക്കുമായി പൊരുത്തപ്പെടുന്നുവെങ്കിലും സെക്ഷൻ പരിപാലിക്കുന്ന രജിസ്റ്ററും എ.എഫ്.എസ്സുമായി പൊരുത്തപ്പെടുന്നില്ല.
- വാടകയിനത്തിൽ കുടിശ്ശിക നില നിൽക്കുന്നുണ്ട്. വരവുകൾ കൃത്യമായി തിട്ടപ്പെടുത്തുകയും ഈടാക്കുകയും ചെയ്യുന്നുവെന്ന് ഉറപ്പ് വരുത്തുകയും കുടിശ്ശികകൾ ഈടാക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായിസ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

പഞ്ചായത്തിന്റെ വാർഷികപദ്ധതിയിൽ ഓഫീസ് കമ്പ്യൂട്ടർവത്ക്കരണത്തിനു പ്രാധാന്യം നൽകി പ്രോജക്റ്റുകൾ ആവിഷ്കരിച്ചു നടപ്പാക്കുന്നുണ്ടെങ്കിലും കമ്പ്യൂട്ടർ ഹാർഡ് വെയർ, സോഫ്റ്റ്‌വെയർ എന്നിവയ്ക്ക് പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. സർക്കുലർ നം.86/2010/ഫിൻ തീയതി 24-9-2010 പ്രകാരം കമ്പ്യൂട്ടറുകൾ ഉപയോഗിക്കുന്ന ഓഫീസുകളിൽ കമ്പ്യൂട്ടറുകളുടെ ഹാർഡ് വെയറിനും സോഫ്റ്റ്‌വെയറിനും പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. നഗരസഭയുടെ 2017-18 വാർഷികപദ്ധതിയിൽപ്പെടുത്തി വികസനഫണ്ട് 2,00,000 രൂപയോളം ചെലവഴിച്ച് 5കമ്പ്യൂട്ടറുകളും സെർവർ, പ്രിന്റർ, സ്കാനർ, പ്രൊജക്ടർ തുടങ്ങിയ അനുബന്ധഉപകരണങ്ങളും വാങ്ങിയിട്ടുണ്ടെങ്കിലും സ്റ്റേഷനറി, ഫർണ്ണിച്ചർ തുടങ്ങിയവയുടെ വിവരങ്ങൾ രേഖപ്പെടുത്തുന്ന പൊതുവായ സ്റ്റോക്ക് രജിസ്റ്ററിലാണ് ഇവ രേഖപ്പെടുത്തിയിരിക്കുന്നത്. വിവിധ വർഷങ്ങളിൽ നടത്തുന്ന പർച്ചേസുകളായതിനാൽ വാറന്റി, എ.എം.സിയുടെ വിവരങ്ങൾ തുടങ്ങിയവ പ്രത്യേകം രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുണ്ട്. കമ്പ്യൂട്ടറുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നതിൽ സർക്കാർ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് റിപ്പോർട്ടിൻമേലുള്ള പഞ്ചായത്ത് തീരുമാനം

1997--ലെ കേരള പഞ്ചായത്ത് രാജ് (പരിശോധന രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം15(2)-പ്രകാരം ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ പഞ്ചായത്ത് എടുത്ത തീരുമാനങ്ങളുടെയും പകർപ്പ് പഞ്ചായത്ത് ഓഫീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വച്ച് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുന്നുണ്ടെന്ന് എക്സിറ്റ് മീറ്റിംഗിൽ സൂചിപ്പിച്ചിട്ടുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.04.2018-24.04.18 | 2/2018 | 1/18 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 27.02.2018-09.03.18 | 2012-13 | LBA(HQ)II/8A-2780/382 |

| | | | |
|---|---|---|---|
| | | | dtd.12.04.18 |

## 1-12 വാർഷികകണക്കിലെ അപാകതകൾ

2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. 26.7.11ലെ ജി.ഒ.(എംഎസ്) 152/11 നിർദ്ദേശങ്ങൾ പാലിച്ച് പഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല.
2. ആസ്തികളുടെ മൂല്യനിർണ്ണയം പൂർത്തിയായിട്ടില്ലാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന്റെ കൃത്യത ഉറപ്പാക്കുവാൻ സാധിക്കുന്നില്ല.
3. വസ്തുനികുതിയുടെ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ പ്രകാരമുള്ള കളക്ഷൻ, ബാലൻസ് തുകയുമായി പൊരുത്തപ്പെടുന്നില്ല.
4. തൻ വർഷം കുടിശ്ശിക ആയ തുകകൾക്ക് ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ തൻവർഷത്തേക്കുള്ള പ്രൊവിഷൻ രേഖപ്പെടുത്തിയട്ടില്ല.
5. ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂളിലെ 320200311- Flood Relief Grant എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള തുകയുടെ കൃത്യത വ്യക്തമല്ല.
6. വാർഷിക കണക്കിനൊപ്പം അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1-1 വസ്തുനികുതി - നിയമാനുസൃതമല്ലാത്ത ഇളവുകൾ നൽകുന്നു

സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ താഴെപറയുന്ന കെട്ടിടങ്ങളെ നികുതി, ഒഴിവാക്കപ്പെട്ട കെട്ടിടങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഫോം 6 പരിശോധിച്ചതിൽ ഇവയുടെ ഉപയോഗക്രമത്തിൽ(ക്രമ നമ്പർ 15) 'നികുതി ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ' എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത് .

| കെട്ടിട നം. | ഉടമസ്ഥൻ | വിസ്തീർണ്ണം |
|---|---|---|
| 14/33A | റീജിയണൽ എൻജിനിയർ, കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്രം | 103m2 |
| 14/33B | റീജിയണൽ എൻജിനിയർ, കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്രം | 32m2 |
| 14/33C | റീജിയണൽ എൻജിനിയർ, കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്രം | 244m2 |
| 14/33D | റീജിയണൽ എൻജിനിയർ, കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്രം | 10m2 |
| 14/45 | കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് | 23.5m2 |
| 14/51 | കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് | 25m2 |

ടി കെട്ടിടങ്ങളുടെ നികുതി ഈടാക്കാത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് (നം.6/4.1.2019)സർക്കാരിന്റെ കീഴിലുള്ള സാമ്പത്തിക ലാഭത്തിനല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളായതിനാലാണ് നികുതിയിൽ നിന്ന് ഒഴിവാക്കിയതെന്ന് മറുപടി ലഭ്യമാക്കി. 1994 ലെ കേരളപഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 207 പ്രകാരം പ്രസ്തുത കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കാനാവില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നികുതി നിർണ്ണയിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-1-2 വസ്തുനികുതി- 16 ലക്ഷത്തിലധികം രൂപ കുടിശിക നിലനിൽക്കുന്നു

വസ്തുനികുതിയിനത്തിൽ 31.03.2018-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം പഞ്ചായത്തിന് ലഭിക്കാനുള്ള തുകയുടെ വിശദാംശം താഴെ ചേർക്കുന്നു.

| കണക്ക് ശീർഷകം | വസ്തുനികുതി ഇനം | തുക (ലൈബ്രറി സെസ് ഉൾപ്പടെ) |
|---|---|---|
| 431100101 | റെസിഡെൻഷ്യൽ (കറണ്ട്) | 4,16,635 |

| | | |
|---|---|---|
| 431100102 | റെസിഡെൻഷ്യൽ (അരിയർ) | 6,21,665 |
| 431100103 | നോൺ റെസിഡെൻഷ്യൽ (കറണ്ട്) | 1,47,201 |
| 431100104 | നോൺ റെസിഡെൻഷ്യൽ (അരിയർ) | 4,31,196 |
| ആകെ | | 16,16,697 |

കുടിശിക 2017-18 വർഷത്തിൽ പൂർണ്ണമായും പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-1-3 ഉപയോഗക്രമം പരിഗണിക്കാതെ നികുതി നിർണ്ണയിച്ചു

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം കെട്ടിടത്തിന്റെ ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിലാണ് നികുതി നിർണ്ണയിക്കേണ്ടത്. ഗ്രാമപഞ്ചായത്തിൽ താഴെപറയുന്ന കെട്ടിടങ്ങളിൽ ബാങ്കുകൾ പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത കെട്ടിടങ്ങൾക്ക് യഥാർത്ഥ ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിച്ചിട്ടില്ല. ടി കെട്ടിടങ്ങളുടെ നികുതി ആഫീസ് ഉപയോഗത്തിനു ബാധകമായ നിരക്കിൽ(50 /m2) നിർണ്ണയിക്കേണ്ടിയിരുന്നു.

| കെട്ടിട നം. | പ്രവർത്തിക്കുന്ന ബാങ്ക് | വിസ്തീർണ്ണം (ച.മീറ്റർ) | ഈടാക്കിയ നികുതി നിരക്ക്, ഉപയോക്രമം |
|---|---|---|---|
| 10/17 | കൈപ്പുഴ സർവ്വീസ് സഹകരണ ബാങ്ക് | 27.4 | 40, വാണിജ്യാവശ്യത്തിന് ഉള്ള 100ച.മീറ്റർ വരെ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗണുകൾ |
| 13/6 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, കൈപ്പുഴ | 263.8 | 40, വാണിജ്യാവശ്യത്തിന് ഉള്ള ബങ്കുകൾ, പെട്ടിക്കടകൾ |
| 7/390A | കേരള ഗ്രാമീൺ ബാങ്ക്, നീണ്ടൂർ | 153 | 40, വാണിജ്യാവശ്യത്തിന് ഉള്ള 100ച.മീറ്റർ വരെ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗണുകൾ |
| 4/165 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, നീണ്ടൂർ | GF-150<br>FF-90 | 7, പാർപ്പിടാവശ്യം |
| 12/313A | കൈപ്പുഴ സർവ്വീസ് സഹകരണ ബാങ്ക് | 50 | 40, വാണിജ്യാവശ്യത്തിന് ഉള്ള ബങ്കുകൾ, പെട്ടിക്കടകൾ |
| 3/294 | നീണ്ടൂർ സർവ്വീസ് സഹകരണ ബാങ്ക് | 238.4 | 40, വാണിജ്യാവശ്യത്തിന് ഉള്ള ബങ്കുകൾ, പെട്ടിക്കടകൾ |

യഥാർത്ഥ ഉപയോഗക്രമത്തിനനുസരിച്ച് നികുതി നിർണ്ണയിക്കാത്തതിന്റെ കാരണം രേഖാമൂലം അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന്(നം.10/4.1.2019) സ്ഥലപരിശോധന നടത്തി ഉപയോഗക്രമം മാറ്റിയ മുറയ്ക്ക് നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. തുടർനടപടികൾ ലഭ്യമാക്കേണ്ടതാണ്.

## 2-1-4 വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് പാർപ്പിടാവശ്യത്തിന് ബാധകമായ നിരക്കിൽ നികുതി നിർണ്ണയിച്ചു

2013-14 വർഷം നികുതി നിർണ്ണയിച്ച, 12-ാം വാർഡിൽ ശ്രീ.പവിത്രൻ എന്ന ആളുടെ ഉടമസ്ഥതയിലുള്ള 150 B നമ്പർ കെട്ടിടത്തിനെ(വിസ്തീർണ്ണം 211.7m2) വാണിജ്യാവശ്യത്തിനുള്ളവയുടെ ഗണത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. (ഫോം 6 പ്രകാരം). എന്നാൽ ടി കെട്ടിടത്തിന് പാർപ്പിടാവശ്യത്തിന് ബാധകമായ 7 രൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. വാണിജ്യാവശ്യത്തിന് ഉള്ള 100ച.മീറ്റർ മുകളിൽ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗണുകൾ എന്നിവയ്ക്ക് ബാധകമായ 70 രൂപ നിരക്കിൽ നികുതി നിർണ്ണയിക്കാത്തതിനാൽ ഗ്രാമപഞ്ചായത്തിന് പ്രതിവർഷം 13,337 രൂപ {(70-7)x211.7}

വസ്തനികുതിയിനത്തിൽ നഷ്ടം ഉണ്ടായി. വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന്(നം.11/4.1.2019) മറുപടി ലഭ്യമാക്കിയില്ല. ഉപയോഗക്രമത്തിനനുസരിച്ച് നികുതി പുനർനിർണ്ണയിച്ച് നാളിതുവരെയുള്ള തുക ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-2-1 തൊഴിൽ നികുതി ഈടാക്കിയില്ല

ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല

| ക്രമ നം. | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1. | കൈപ്പുഴ ശാസ്താ ദേവസ്വം | I, II |
| 2. | വിവേകാനന്ദ പബ്ലിക് സ്കൂൾ, നീണ്ടൂർ | I, II |

പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും 2017-18 വർഷത്തിൽ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതായി പരിശോധനയിൽ വ്യക്തമായിട്ടില്ല. അപാകതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.02/01.01.2019), തൊഴിൽനികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന മറുപടി സെക്രട്ടറി ലഭ്യമാക്കി. തുക സ്വീകരിച്ച് രസീതുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം, വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3-1 ഡി & ഒ ലൈസൻസ്, തൊഴിൽ നികുതി എന്നിവ സമയബന്ധിതമായി ഈടാക്കിയില്ല

നീണ്ടൂർ സർവീസ് സഹകരണ ബാങ്കിന്റെ ഉടമസ്ഥതയിലുള്ള നീണ്ടൂർ റൈസ് മിൽ എന്ന സ്ഥാപനം, ഡി & ഒ ലൈസൻസ്, തൊഴിൽ നികുതി, മെഷിനറി ഫീ എന്നീ ഇനങ്ങളിലായി 2016-17 വർഷത്തിൽ 7802/- രൂപയും, 2017-18 വർഷത്തിൽ 7,802/- രൂപയും പ്രകാരം, 15,604/- രൂപ 16.07.2018 തീയതിയിലാണ് അടവാക്കിയിട്ടുള്ളത്. 1996-ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ, ചട്ടം 10 പ്രകാരം, ഏതൊരു സ്ഥാപനവും ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ, സാമ്പത്തികവർഷം അവസാനിക്കുന്നതിന് 30 ദിവസം മുൻപായി ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതും, ലൈസൻസ് പുതുക്കി തുക അടവാക്കേണ്ടതുമാണ്. എന്നാൽ ടി സ്ഥാപനത്തിന് അറിയിപ്പ് നൽകുന്നതടക്കമുള്ള നടപടികൾ സ്വീകരിച്ച്, സമയബന്ധിതമായി തുക ഒടുക്ക് വരുത്തുന്നതിൽ വീഴ്ച വന്നിട്ടുള്ളതായി പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. അപാകതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.03/31.12.2018), മറുപടി ലഭിച്ചിട്ടില്ല. ലൈസൻസ് തുക, തൊഴിൽനികുതി എന്നിവ അതാത് വർഷങ്ങളിൽ ഈടാക്കാതെ സ്ഥാപനങ്ങളെ പ്രവർത്തിക്കാൻ അനുവദിക്കുന്നത് ചട്ടവിരുദ്ധമാണ്. തുടർ വർഷങ്ങളിൽ അപാകത ഒഴിവാക്കി സ്ഥാപനങ്ങളുടെ ലൈസൻസ് തുക, തൊഴിൽനികുതി എന്നിവ യഥാസമയം ഒടുക്ക് വരുത്തുന്നതിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടേതടക്കമുള്ള മേൽനോട്ടം ഉണ്ടാകേണ്ടതാണ്.

## 2-3-2 ഡി & ഒ ലൈസൻസ്, തൊഴിൽ നികുതി എന്നിവ ഈടാക്കിയില്ല

താഴെപറയുന്ന വ്യാപാര സ്ഥാപനങ്ങളിൽ നിന്നും 2017-18 വർഷം ഡി & ഒ ലൈസൻസ് ഫീസ്, തൊഴിൽനികുതി എന്നിവ ഈടാക്കിയതായി കാണുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വ്യാപാര സ്ഥാപനത്തിന്റെ പേരും വിലാസവും | വ്യാപാരത്തിന്റെ സ്വഭാവം |
|---|---|---|
| 1. | പുത്തനംതടം ട്രേഡേഴ്സ്, നീണ്ടൂർ | ബിൽഡിംഗ് & കൺസ്ട്രക്ഷൻ മെറ്റീരിയൽസ് |
| 2. | തോട്ടയിൽ ഹാർഡ്‌വെയർ & പെയിന്റ്, പ്രാവട്ടം, നീണ്ടൂർ | ഹാർഡ്‌വെയർ & പെയിന്റ് |
| 3. | കൊലവെളിപ്പറമ്പിൽ ഏജൻസീസ്, പ്രാവട്ടം, നീണ്ടൂർ | റബ്ബർ, റബ്ബർ ഉൽപ്പന്നങ്ങൾ |
| 4. | ശ്രീശൈലം ടെക്സ്റ്റൈൽസ്, നീണ്ടൂർ | ജൗളി വ്യാപാരം |

| | | |
|---|---|---|
| 5. | പി.വി.എം., നീണ്ടൂർ | ഹോളോ ബ്രിക്സ് നിർമ്മാണം |
| 6. | സെൻട്രൽ സ്റ്റോഴ്സ്, നീണ്ടൂർ | കൃഷി സംബന്ധമായ ഉപകരണങ്ങൾ |
| 7. | വെൽ കെയർ ഡയഗണോസ്റ്റിക്സ്, നീണ്ടൂർ | ലബോറട്ടറി |
| 8. | എസ്.ജെ.സി മാർട്ട്, നീണ്ടൂർ | സൂപ്പർമാർക്കറ്റ് |
| 9. | ഏയ്ഞ്ചൽ ട്രാവെൽസ് & സൂപ്പർമാർക്കറ്റ്, നീണ്ടൂർ | ട്രാവൽസ് & സൂപ്പർമാർക്കറ്റ് |

അപാകതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.01/31.12.2018), മറുപടി ലഭിച്ചിട്ടില്ല. നടപടികൾ സ്വീകരിച്ച് രസീതുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം, വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-4-1 വാടകയിനത്തിൽ കുടിശ്ശിക വരുത്തി

| കുത്തകക്കാരന്റെ പേരും വിലാസവും | കടമുറി നം. | കുടിശ്ശിക | പ്രതിമാസ വാടക തുക | ആകെ കുടിശ്ശിക തുക |
|---|---|---|---|---|
| എം.എൻ. സന്തോഷ്, മാമ്മൂട്ടിൽ, നീണ്ടൂർ | പ്രാവട്ടം മാർക്കറ്റ് സ്റ്റാൾ (പഴയത്) നം.V | ഡിസംബർ 2018<br>ജനവരി 2018<br>ഫെബ്രുവരി 2018<br>മാർച്ച് 2018 | 489/- | 1,956/- |

വാടക രജിസ്റ്ററും അനുബന്ധ ഫയലുകളും പരിശോധിച്ചതിൽ നിന്നും, മേൽപറഞ്ഞ കുത്തകക്കാരൻ 2017-18 വർഷം വാടക തുക കുടിശ്ശിക വരുത്തിയിട്ടുള്ളതായി വ്യക്തമായിട്ടുണ്ട്. അപാകതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.04/01.01.2019), വിഷയം സംബന്ധിച്ച് കുത്തകക്കാരന് അറിയിപ്പ് നല്കിയിട്ടുണ്ടെന്നും തുക അടവാക്കുമെന്ന് ഉറപ്പ് ലഭിച്ചിട്ടുള്ളതുമാണെന്ന മറുപടിയാണ് ലഭിച്ചിട്ടുള്ളത്. തുക അടവാക്കി രസീതുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം, വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-4-2 കെ.എസ്.ഇ.ബി സെക്ഷൻ ഓഫീസ്, നീണ്ടൂർ - വാടക ഈടാക്കിയില്ല

കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് പ്രവർത്തിക്കുന്ന, ഗ്രാമ പഞ്ചായത്തിലെ III/472 നം. കെട്ടിടം ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതാണെന്നും ഗ്രാമ പഞ്ചായത്ത് എഞ്ചിനീയറിംഗ് വിഭാഗം PWD Rent Fixation Circular No.B1 - 59974/90 dtd 26.02.2012 പ്രകാരം നിർണ്ണയിച്ച മാസവാടക 4,767/- രൂപ കമ്മിറ്റി അംഗീകരിച്ചിട്ടുള്ളതുമാണ്. ടി തുകയ്ക്ക് ഗ്രാമപഞ്ചായത്തുമായി വാടക കരാർ ഏർപ്പെട്ട് നാളിതുവരെയുള്ള വാടക കുടിശ്ശിക തീർപ്പാക്കിയും തുടർന്നുള്ള വർഷങ്ങളിൽ 5% വർദ്ധനവോടെ കരാർ പുതുക്കി എല്ലാ മാസവും അഞ്ചാം തീയതിക്ക് മുൻപായി മാസവാടക അടയ്ക്കേണ്ടതും അല്ലാത്തപക്ഷം കത്ത് നൽകി 6 മാസത്തിനകം കെട്ടിടം ഒഴിയുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും 25.09.2017 ലെ സാധാരണ യോഗത്തിൽ തീരുമാനിച്ചിരുന്നു (തീരുമാന നം.01/25.09.2017). കരാർ ചമക്കുന്നതിനായി ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ്, ലാന്റ് വാല്യുവേഷൻ സർട്ടിഫിക്കറ്റ് എന്നിവ ആവശ്യപ്പെട്ടുകൊണ്ട് 23.10.2017 ലെ ജി. ബി വാടക - നീണ്ടൂർ/2017-18/1259 നം. കത്ത് പ്രകാരം കെ.എസ്.ഇ.ബി. വൈക്കം എക്സിക്യൂട്ടീവ് എൻജിനീയർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് കത്ത് സമർപ്പിച്ചിരുന്നു. ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ്, ലാന്റ് വാല്യുവേഷൻ സർട്ടിഫിക്കറ്റ് എന്നിവയ്ക്കായി ഗ്രാമ പഞ്ചായത് സെക്രട്ടറി 28.06.2018 ലെ എ8-2624/17 നം. കത്തിലൂടെ ഓണംതുരുത്ത് വില്ലേജ് ഓഫിസറോട് ആവശ്യപ്പെടുകയും ചെയ്തിട്ടുള്ളതാണ്. അപാകതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.05/ 01.01.2019), ലാന്റ് വാല്യുവേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന മറുപടിയാണ് ലഭിച്ചിട്ടുള്ളത്. ടി വിഷയം ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ചർച്ച ചെയ്ത്, അർഹമായ വാടക തുക സമയബന്ധിതമായി ഈടാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 2-4-3 മാർക്കറ്റ് ലേലം - കുടിശ്ശിക തുക ഈടാക്കിയില്ല

2013-14 സാമ്പത്തിക വർഷത്തിൽ, ശ്രീ.വിനോദ് എന്നയാൾക്ക് ഗ്രാമ പഞ്ചായത്ത് മാർക്കറ്റ് ലേലം സ്ഥിരപ്പെടുത്തി നൽകിയതായും 15,200/- രൂപ കുടിശ്ശിക നിൽക്കുന്നതായുമാണ് ബന്ധപ്പെട്ട രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നത്. 2017-18 വാർഷിക ധനകാര്യ പത്രികയിലും (B-15 ഷെഡ്യൂൾ) പ്രസ്തുത തുക ബാലൻസ് നിൽക്കുന്നു. അപാകതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.16/04.01.2019), ശ്രീ.വിനോദ്, കണ്ടത്തിൽപറമ്പിൽ, നീണ്ടൂർ എന്നയാൾ മരണപ്പെട്ടതിനാൽ ടി കുടിശ്ശിക ഈടാക്കുവാൻ നിവർത്തിയില്ലെന്ന മറുപടിയാണ് ലഭിച്ചിട്ടുള്ളത്. ടി സാഹചര്യത്തിൽ, 2013-14 സാമ്പത്തിക വർഷം മുതൽ നാളിതുവരെ നിലനിൽക്കുന്ന വാർഷിക ധനകാര്യ പത്രികയിലെ (B-15 ഷെഡ്യൂൾ) പ്രസ്തുത തുക നിലനിർത്തുന്നത് സംബന്ധിച്ച്, ഭരണസമിതിയുടെ വ്യക്തമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ യുക്തമായ തീരുമാനം കൈക്കൊള്ളാവുന്നതാണ്.

## 2-4-4 ബൈലോ തയ്യാറാക്കാൻ നടപടികൾ സ്വീകരിക്കണം

വാടക ഡിമാന്റ് രജിസ്റ്റർ പ്രകാരം, 2017-18 വർഷം പഞ്ചായത്തിന്റെ 37 മുറികൾ വാടകയ്ക്ക് നൽകിയിട്ടുണ്ട്. വാർഷിക ധനകാര്യ പത്രിക പ്രകാരം 5,13,196/- രൂപ തൻവർഷത്തെ വാടകയായി ലഭിച്ചിട്ടുണ്ട്. മുറികൾ വാടകയ്ക്ക് നൽകുന്നതിനുള്ള വ്യവസ്ഥകൾ, കുത്തകക്കാരിൽ നിന്നും സ്വീകരിക്കേണ്ട സെക്യൂരിറ്റി തുകയുടെ പരിധി തുടങ്ങിയ മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനുള്ള, വാടകയിനങ്ങൾ സംബന്ധിച്ച ബൈലോ പഞ്ചായത്തിൽ നിലവിലില്ല. ബന്ധപ്പെട്ട വകുപ്പിന്റെയും ഭരണസമിതിയുടെയും അംഗീകാരത്തോടെ ബൈലോ തയ്യാറാക്കി, ആയത് നിയമാനുസൃതമാക്കേണ്ടതാണ്. നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-5 കെട്ടിടനിർമ്മാണ അനുമതി അപേക്ഷ-നടപടിക്രമങ്ങൾ പാലിക്കുന്നില്ല

കെട്ടിട നിർമ്മാണാനുമതി അപേക്ഷയുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ തദ്ദേശസ്വയംഭരണ (ആർ.എ) വകുപ്പിന്റെ 02.12.2015 ലെ 12900/ആർ.എ1/2015 നം.സർക്കുലറിൽ വിശദമായി പ്രതിപാദിക്കുന്നുണ്ട്. തദ്ദേശസ്വയം ഭരണ വകുപ്പിന്റെ 20.06.2007 ലെ 24136/ആർ.എ1/2007 നമ്പർ സർക്കുലറിലെ അപ്പൻഡിക്സ് ഒന്നിൽ നിർദേശിച്ചിട്ടുള്ള നിർദ്ദിഷ്ട കെട്ടിട നിർമ്മാണ അപേക്ഷ രജിസ്റ്റർ തന്നെയാണ് പെർമിറ്റപേക്ഷകളുടെ വിവരങ്ങൾ രേഖപ്പെടുത്തുവാൻ ഉപയോഗിക്കുന്നത് എങ്കിലും അപേക്ഷ സംബന്ധിച്ച മുഴുവൻ വിവരങ്ങളും ബന്ധപ്പെട്ട കോളങ്ങളിൽ രേഖപ്പെടുത്തുന്നില്ല. പെർമിറ്റ് അനുവദിക്കുന്നത് വരെയുള്ള വിശദാംശങ്ങൾ മാത്രമാണ് ഇതിൽ രേഖപ്പെടുത്തിയിരിക്കുന്നത്. തന്മൂലം നിർമ്മിതിയുടെ പൂർത്തീകരണം, നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാത്ത പക്ഷം പെർമിറ്റ് പുതുക്കൽ, നികുതി നിർണ്ണയം തുടങ്ങിയ വിവരങ്ങൾ നിരീക്ഷിക്കാൻ സാഹചര്യമില്ല. പ്രത്യേകിച്ച്, ഭാഗികമായി നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടങ്ങൾക്കും നമ്പർ നൽകി നികുതി നിർണ്ണയിച്ച് നൽകുന്ന സംഗതികളിൽ തുടർ നിരീക്ഷണം അനപേക്ഷണീയമാണ്.

കെട്ടിട നിർമ്മാണ അപേക്ഷയുടെ ഫയലിൽ തന്നെയാണ് പിന്നീട് ഇതുമായി ബന്ധപ്പെട്ട വിനിമയങ്ങൾ, നോട്ടീസുകൾ, ഉത്തരവുകൾ, നടപടിക്രമങ്ങൾ, പെർമിറ്റ് നൽകൽ, നിർമ്മാണ പൂർത്തീകരണം, ഒക്യുപ്പൻസി, നികുതിനിർണ്ണയം വരെയുള്ള വിവരങ്ങൾ ഉണ്ടായിരിക്കേണ്ടത്. എന്നാൽ നിലവിൽ പെർമിറ്റിനും നമ്പറിംഗിനും വെവ്വേറെ ഫയലുകളാണ് പരിപാലിക്കുന്നത്. അനധികൃത കെട്ടിടനിർമ്മാണം, നികുതി ചോർച്ച എന്നിവ ഒരു പരിധി വരെ ഒഴിവാക്കുന്നതിന് മേൽപ്പറഞ്ഞ സർക്കുലറിലെ നിർദ്ദേശങ്ങൾക്കനുസൃതമായി രജിസ്റ്ററും ഫയലുകളും പരിപാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 8 കി.മീ. താഴെയുള്ള യാത്രയ്ക്ക് യാത്രാബത്ത അനുവദിച്ചു-ചെലവ് തടസ്സപ്പെടുത്തുന്നു

ജീവനക്കാരും ജനപ്രതിനിധികളും ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്തിൽ വെച്ചുനടക്കുന്ന വിവിധ മീറ്റിംഗുകളിൽ പങ്കെടുക്കുന്നതിനും, സബ്ട്രഷറി, ബ്ലോക്കോഫീസ്, കോടതി, ബാങ്ക് എന്നിവിടങ്ങളിലേക്ക് നടത്തുന്ന (നീണ്ടൂർ-ഏറ്റുമാനൂർ) യാത്രകൾക്കും 2/16 മുതൽ 11/17 വരെയുള്ള മാസങ്ങളിൽ യാത്രാബത്ത കൈപ്പറ്റിയതായി വൗച്ചർ പരിശോധനയിൽ വ്യക്തമായി. നീണ്ടൂർ പഞ്ചായത്തിൽ നിന്നും ഏറ്റുമാനൂർ വരെയുള്ള ദൂരം 8 കി.മീ. കുറവാണ്. കെ.എസ്.ആർ.പാർട്ട് II (ചട്ടം 57 നോട്ട് 1) പ്രകാരം ആസ്ഥാനത്തുനിന്ന് 8 കി.മീ.നുള്ളിൽ നടത്തുന്ന യാത്രകൾക്ക് യാത്രാബത്തയും ദിനബത്തയും അനുവദനീയമല്ല. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്, (നം.7) ഏറ്റുമാനൂർ-നീണ്ടൂർ ദൂരം 8.15 കി.മീ.ആണെന്നും ആയതിന്റെ അടിസ്ഥാനത്തിലാണ് മുൻ വർഷങ്ങളിൽ

യാത്രാബത്ത അനുവദിച്ചിട്ടുള്ളതെന്നും സെക്രട്ടറി മറുപടി ലഭ്യമാക്കി. എന്നാൽ യാത്രാദൂരം തെളിയിക്കുന്ന പൊതുമരാമത്ത് വകുപ്പിന്റെ സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. സർക്കാർ ഉത്തരവ് (അ)202/2014 ധന 31.5.2014) പ്രകാരം ട്രഷറി ഡ്യൂട്ടി അനുവദിച്ചിട്ടുള്ള ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് (ചട്ടം 64 നോട്ട് 3) ഓഫീസ് ആസ്ഥാനത്ത് നിന്നും ട്രഷറിയിലേക്കുള്ള ദൂരം 2 കി.മീ. കൂടുതലോ അല്ലെങ്കിൽ 8 കി.മീ. കുറവുമായ ദൂരത്തേയ്ക്ക് ട്രഷറിയിൽ പണമിടപാട് നടത്തുന്ന ഓഫീസ് അറ്റൻഡർമാർക്ക് ചട്ടത്തിലെ വ്യവസ്ഥകൾക്ക് (1. 1500/- രൂപയിൽ കുറയാതെ പണമായുള്ള വിനിമയം, 2. അലവൻസ് ആഴ്ചയിൽ പരമാവധി 3 തവണ മാത്രം അനുവദനീയം, 3. സർക്കാർ വാഹനം ഉപയോഗിച്ചുള്ള യാത്രയായിരിക്കരുത്) വിധേയമായി പ്രതിദിനം 20 രൂപ നിരക്കിൽ ട്രഷറി ഡ്യൂട്ടി അലവൻസ് അനുവദിക്കാവുന്നതാണ്. എന്നാൽ ഈ വ്യവസ്ഥകൾ പാലിക്കാതെ ജീവനക്കാരും ജനപ്രതിനിധികളും 2016-17 സാമ്പത്തിക വർഷം മേൽ പരാമർശിച്ച സ്ഥലങ്ങളിലേക്ക് നടത്തിയിട്ടുള്ള യാത്രകൾക്ക് യാത്രാബത്ത കൈപ്പറ്റിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | യാത്രാബത്ത കൈപ്പറ്റിയ വിവരം | മാസം | വൗച്ചർ/തീയതി | നൽകിയ തുക |
|---|---|---|---|---|
| 1 | പ്രസിഡന്റ് | 9/16-1/17 | 21700173/27.6.17 | 800 |
| | സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ | | 21700174/27.6.17 | 2,400 |
| | മെമ്പർ | | 21700175/27.6.17 | 3,520 |
| 2 | ജീവനക്കാർ | 2/16-01/17 | 21700268/8.8.17 | 11,925 |
| 3 | പ്രസിഡന്റ് | 3/17-6/17 | 21700340/13.9.17 | 0 |
| | സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ | | 21700341/13.9.17 | 800 |
| | മെമ്പർ | | 21700342/13.9.17 | 6,080 |
| 4 | പ്രസിഡന്റ് | 5/17-9/17 | 21700555/15.12.17 | 800 |
| | സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ | | 21700556/15.12.17 | 3,640 |
| | മെമ്പർ | | 21700557/15.12.17 | 720 |
| 5 | സെക്രട്ടറി | 6/17-9/17 | 21700657/31.01.18 | 960 |
| 6 | ജീവനക്കാർ | | 21700658/31.01.18 | 4,420 |
| 7 | പ്രസിഡന്റ് | 10/17-11/17 | 21700794/23.2.18 | 800 |
| | സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ | | 21700795/23.2.18 | 1,120 |
| | മെമ്പർ | | 21700796/23.02.18 | 1,600 |
| | ജീവനക്കാർ | 10/17-12/17 | 21700886/16.3.18 | 4,630 |
| | | | ആകെ | **44,215** |

വ്യവസ്ഥകൾ പാലിക്കാതെ നടത്തിയ യാത്രകൾക്ക് യാത്രാബത്തയിനത്തിൽ നൽകിയ 44,215 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. യാത്രാദൂരം തെളിയിക്കുന്ന രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-2 തെരുവ് വിളക്കിന് മീറ്റർ സ്ഥാപിയ്ക്കൽ- പ്രോജക്ട് നിർവ്വഹണത്തിൽ അപാകതകൾ-തുക തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നം. | 74/18 |
| പ്രോജക്ട് | തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ |
| അടങ്കൽ | 4,00,000 |
| ചെലവ് | 3,92,200 |
| നിർവ്വഹണം | സെക്രട്ടറി |

ഓഡിറ്റുവർഷം തെരുവ് വിളക്കിന് മീറ്റർ സ്ഥാപിയ്ക്കുന്നതിനായി 3,92,200 രൂപ അസിസ്റ്റന്റ് എക്സിക്യൂട്ടീവ്

എൻജിനീയർ, ഇലക്ട്രിക്കൽ സബ്ഡിവിഷൻ, ഏറ്റുമാനൂരിന് നൽകിയിട്ടുണ്ട്. 37 തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനായിരുന്നു 3,92,200 രൂപ നൽകിയത്. (ബി.ഒ(എഫ്.ബി)നമ്പർ496/2004(എൽ.ജി/ സി.ഒ.എം3515/98 തീയതി 23.02.2004). മാർഗ്ഗരേഖയിൽ സൂചിപ്പിക്കുന്ന നിരക്കിലല്ല തുക നൽകിയിരിക്കുന്നത്. മുൻവർഷങ്ങളിൽ മീറ്റർ സ്ഥാപിച്ചിട്ടുണ്ടെങ്കിലും ആയതനുസരിച്ച് തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജിനത്തിൽ കുറവും ഉണ്ടായിട്ടില്ല. മാർഗ്ഗരേഖപ്രകാരം ഒരു തെരുവുവിളക്കിന് 8,100 രൂപ നിരക്കിൽ 37 തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിന് 2,99,700 രൂപയെ ചെലവുവരുന്നുള്ളൂ. വിശദമായ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലല്ല തുക നൽകിയത്. ആയതിന് വിശദീകരണം നൽകാനാവശ്യപ്പെട്ട് 5.1.19ൽ നൽകിയ 18-ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കാത്തതിനാൽ മേൽ പ്രോജക്ടിനായുള്ള 3,92,200 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-3 <u>വാട്ടർ കിയോസ്ക് -പ്ലാറ്റ് ഫോം സ്ഥാപിക്കൽ- പ്രോജക്ട് നിർവ്വഹണത്തിൽ അപാകതകൾ-തുക തടസ്സപ്പെടുത്തുന്നു</u>

| | |
|---|---|
| പ്രോജക്ട് നമ്പർ | S0248//17-18 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 30,000(പദ്ധതി വിഹിതം ജനറൽ) |
| ചെലവ് | 23,700 |

ഈ പ്രോജക്ടുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) പഞ്ചായത്തിലെ എട്ട് വാർഡുകളിലായി എട്ട് വാട്ടർ കിയോസ്ക് -പ്ലാറ്റ് ഫോമുകളാണ് നിർമ്മിച്ചത്. പ്രവൃത്തി നടത്തിപ്പിനായി ടെൻഡർ ക്ഷണിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല

2) സ്വകാര്യവ്യക്തികളുടെ സ്ഥലത്താണ് എട്ട് വാട്ടർ കിയോസ്ക് -പ്ലാറ്റ് ഫോമുകളും ടാങ്കുകളും സ്ഥാപിച്ചതെങ്കിൽ പൊതു ആവശ്യത്തിന് സ്ഥലമുപയോഗിക്കുന്നതിന് സ്ഥലമുടമകൾ പഞ്ചായത്തിന് അനുമതി നൽകിയതിന്റെ റവന്യൂ രേഖകൾ ലഭ്യമല്ല.

3) പ്ലാറ്റ് ഫോമുകളുടെ സംരക്ഷണത്തിനായും കുടിവെള്ള വിതരണത്തിനായും പഞ്ചായത്ത് സ്വീകരിച്ച തുടർനടപടികളുടെ വിവരം ലഭ്യമല്ല.

മേൽ സൂചിത അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 5.1.19ൽ നൽകിയ 17-ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് വ്യക്തമായ മറുപടി നൽകാത്തതിനാൽ മേൽ പ്രോജക്ടിനായുള്ള 23,700 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 <u>വിവിധ ആവശ്യങ്ങൾക്കായി ലഭിച്ച ഗ്രാന്റുകൾ വിനിയോഗിക്കാതെ തനതുഫണ്ടിൽ സൂക്ഷിക്കുന്നു</u>

1) ഗ്രാമപഞ്ചായത്തിൽ ബാഡ്മിന്റൺ കോർട്ട് പണിയുന്നതിനായുള്ള ഒറ്റത്തവണ പ്രാരംഭ മൂലധന ഗ്രാന്റിന്റെ ഒന്നാം ഗഡുവായ 3,40,000 രൂപ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ കെ.എസ്.എസ്.ഡി/പൈക്ക 1494/2010 തീ.12.7.2014 നമ്പർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തിന് ലഭിച്ചിരുന്നു. (ഡി.ഡി.നം.57618/10.7.14) ടി തുക നീണ്ടൂർ സർവ്വീസ് സഹകരണ ബാങ്ക് അക്കൗണ്ട് നം.165103 ൽ നിക്ഷേപിച്ചിട്ടുണ്ട്. ഗ്രാന്റ് അനുവദിച്ച ഉത്തരവിൽ പൈക്കയുടെ ഭാഗമായി അംഗീകരിക്കപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾ ഗ്രാന്റ് കിട്ടി ഒരു മാസത്തിനകം ആരംഭിക്കണമെന്നും മൂന്ന് മാസത്തിനകം പൂർണ്ണമായും ഫലപ്രദമായും വിനിയോഗിക്കണമെന്നും നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ കളിസ്ഥലം നിർമ്മാണത്തിനായി പഞ്ചായത്ത് പ്രോജക്ട് തയ്യാറാക്കി തുക ചെലവഴിച്ചതായി കാണുന്നില്ല. പ്രോജക്ട് തയ്യാറാക്കി നടപ്പാക്കാത്ത പക്ഷം തുക തിരികെ അടയ്ക്കേണ്ടതാണ്.

2.അനുപൂരകപോഷകാഹാരത്തിനായി 2017-18 വർഷം ലഭിച്ചത് 5,39,751 രൂപയാണ്(RP31 പ്രകാരം)എന്നാൽ B4 പ്രകാരം 5,53,653 രൂപ അവശേഷിക്കുന്നു. മുൻവർഷങ്ങളിൽ ലഭിച്ച തുകയുടെ നീക്കിയിരിപ്പ് തുകയാണിത്.

അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് ടി തുക പ്രയോജനപ്പെടുത്തിയിട്ടില്ല.

3.സംയുക്ത പ്രോജക്ടുകൾക്കായി 8,00,000 രൂപ(6,00,000-രൂപ ഇൻഡോർ സ്റ്റേഡിയം നിർമ്മാണം, 2,00,000-

പാലിയേറ്റീവ് കെയർ) മുൻവർഷങ്ങളിലായി ജില്ലാ/ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ചിരുന്നു. പ്രസ്തുത തുക പ്രയോജനപ്പെടുത്തുന്നതിന് നാളിതുവരെ പ്രോജക്ടുകൾ ആവിഷ്കരിച്ചിട്ടില്ല.

പ്രോജക്ടുകൾ ആവിഷ്കരിച്ച് പദ്ധതി പൂർത്തീകരിച്ച് ലക്ഷ്യം കൈവരിക്കാൻ പഞ്ചായത്ത് കമ്മിറ്റി അടിയന്തിര ശ്രദ്ധ പുലർത്തേണ്ടതാണ്.

## 3-5 പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് - കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടും പ്രവർത്തനം ആരംഭിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിലെയും സമീപപ്രദേശങ്ങളിലെയും പ്ലാസ്റ്റിക് അനുബന്ധ മാലിന്യങ്ങൾ ശേഖരിച്ച് സൂക്ഷിച്ച് ആയത് റീസൈക്കിൾ ചെയ്ത് ഉപകാരപ്രദമായ വസ്തുക്കൾ നിർമ്മിക്കുന്നതിന് ലക്ഷ്യമിട്ട് തയ്യാറാക്കിയ പദ്ധതിയാണിത്. പദ്ധതിയുടെ ആവശ്യത്തിനായി പ്രാവട്ടം പഴയ ബോട്ട് ജെട്ടിക്ക് സമീപം നിർമ്മിച്ചിരിക്കുന്ന കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളാണ് ടി പ്രോജക്ടിലൂടെ പൂർത്തീകരിച്ചിട്ടുള്ളത്. 2014-15 സാമ്പത്തിക വർഷം അഞ്ചു ലക്ഷം രൂപ ചെലവഴിച്ച് നിർമ്മാണം പൂർത്തീകരിച്ച ടി കെട്ടിടം തുടർപ്രവർത്തനങ്ങൾ ഒന്നും ഇല്ലാതെ നിലവിൽ ചുറ്റും കാടുപിടിച്ച അവസ്ഥയിലാണ്. പ്രോജക്ടിൽ ലക്ഷ്യമിട്ട പ്രകാരം പ്ലാസ്റ്റിക് മാലിന്യസംസ്കരണത്തിന് ആവശ്യമായ മെഷീനറികൾ സ്ഥാപിക്കുകയോ മറ്റ് അനുബന്ധ സാഹചര്യങ്ങൾ ഒരുക്കുകയോ ചെയ്തിട്ടില്ല. പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് പ്രവർത്തിപ്പിയ്ക്കുന്നതിനായി ഓഡിറ്റ് വർഷം സെക്രട്ടറിയും അസിസ്റ്റന്റ് എൻജിനീയറും നിർവ്വഹണോദ്യോഗസ്ഥരായി ഒൻപത് ലക്ഷം രൂപ വകയിരുത്തി പ്രോജക്ടുകൾ വിഭാവനം ചെയ്തിരുന്നുവെങ്കിലും നടപ്പാക്കിയിട്ടില്ല. ടി കെട്ടിടം നിർമ്മിച്ചിരിക്കുന്ന സ്ഥലം പഞ്ചായത്തിന്റെ പേരിലുള്ള ആസ്തിയാണ് എന്നതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ആവശ്യമായ തുടർനടപടികൾ സ്വീകരിച്ച് പദ്ധതി പൂർത്തീകരിക്കുന്നതിലേക്ക് പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധ പതിയേണ്ടതാണ്.

## 3-6 എസ്.സി. കോളനിയിൽ പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ- പദ്ധതി നാളിതുവരെ ആരംഭിച്ചിട്ടില്ല-1,08,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണോദ്യോഗസ്ഥൻ- അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്ട്-52/18

ചെലവ്-1,08,000 ബിൽ നം.4/24.3.18

തച്ചേട്ട് പറമ്പ് കോളനിയിൽ പൈപ്പ്ലൈൻ ദീർഘിപ്പിക്കുന്നതിനായി 1,08,000 രൂപ കേരള വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുണ്ട്. പ്രവർത്തി പൂർത്തിയാക്കിയതിന്റെ വിശദാംശങ്ങൾ രേഖാമൂലം അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് നാളിതുവരെ നിർവ്വഹണം ആരംഭിച്ചിട്ടില്ലെന്നും പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് വിവരം അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. എന്നാൽ കേരള വാട്ടർ അതോറിറ്റിയുമായി ഏർപ്പെട്ട കരാർ പ്രകാരം പ്രവർത്തിയുടെ പൂർത്തീകരണ തീയതി 18.11.18 ആണ്. പൂർത്തീകരണ തീയതി ദീർഘിപ്പിച്ച് സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചിട്ടില്ല. പ്രവർത്തി പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ മേൽ പ്രോജക്ടിനായുള്ള 1,08,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

## 3-7 ഗുണഭോക്തൃ സമിതി മുഖേന നിർവ്വഹണം- നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല

നിർവ്വഹണോദ്യോഗസ്ഥൻ– അസിസ്റ്റന്റ് എൻജിനിയർ

താഴെ പറയുന്ന പ്രവർത്തികൾ ഗുണഭോക്തൃ സമിതി മുഖേനയാണ് നടപ്പാക്കിയത്.

| പ്രോജക്ട് നം./പേര് | കൺവീനർ | തുക | ബിൽ നം. |
|---|---|---|---|
| 127/18, മുഴിക്കുളങ്ങര സാംസ്കാരികനിലയം മെയിന്റൻസ് | ശ്രീ.സുനിൽ കെ.ആർ. | 70,000 | ബിൽ നം. 14/31.07.17 |
| 128/18 ഓണംതുരുത്ത് പി.എച്ച്.സി.മെയിന്റനൻസ് | ശ്രീ.ജോബിൻ തമ്പി | 3,74,436 | ബിൽ നം. 18/31.07.17 |

| | | | |
|---|---|---|---|
| 107/18 88 നമ്പർ അങ്കണവാടി മെയിന്റനൻസ് | ശ്രീമതി പി.കെ. ഷൈല | 44,683 | ബിൽ നം. 15/31.07.17 |
| 108/18 99 നമ്പർ അങ്കണവാടി മെയിന്റനൻസ് | ശ്രീ.സാലി കെ.എസ്. | 41,961 | ബിൽ നം. 3/14.07.17 |
| 105/18 91 നമ്പർ അങ്കണവാടി മെയിന്റനൻസ് | ശ്രീ.ജോസ്മോൻ ജോസ് | 2,20,013 | ബിൽ നം. 8/31.07.17 |

ഗുണഭോക്തൃസമിതി മുഖേന പ്രവൃത്തി നടത്തുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ പാലിക്കാതെയാണ് മേൽ പ്രോജക്ടുകൾ നടപ്പാക്കിയത്. മേൽ പ്രവൃത്തികൾക്ക് വാങ്ങിയ സാധനങ്ങളുടെ ബില്ലുകൾ കൺവീനർ തയ്യാറാക്കി നിർവ്വഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ എസ്റ്റിമേറ്റിൽ ഉള്ള സ്പെസിഫിക്കേഷൻ അനുസരിച്ചുള്ള സാധനങ്ങൾ ഉപയോഗിച്ചാണോ പ്രവർത്തി നിർവ്വഹണം നടത്തിയത് എന്ന് വ്യക്തമല്ല. മാർഗ്ഗരേഖ പാലിക്കാതെ നിർവ്വഹണം നടത്തിയതിന് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട നൽകിയ അന്വേഷണക്കുറിപ്പിന്(നം.13 തീയതി 4.1.19) എഗ്രിമെന്റിൽ ഏർപ്പെട്ട കൺവീനർമാർ ചില ഇനങ്ങൾ ക്വട്ടേഷൻ മുഖേനയാണ് നടപ്പാക്കിയതെന്നും ബില്ലുകൾ തയാറാക്കിയില്ലെന്നും മറുപടി നൽകി. 13.11.2014 ലെ സർക്കുലർ നമ്പർ 1/1559/2010/സി ഇ/തസ്വഭവ പ്രകാരം ഗുണഭോക്തൃസമിതി ഏറ്റെടുത്ത പ്രവർത്തികൾക്ക് വാങ്ങുന്ന സാധനങ്ങൾ, നിയോഗിക്കുന്ന തൊഴിലാളികളുടെ വേതനം, കണക്കുകൾ മസ്റ്റർറോൾ മിനിട്ട്സ് ബുക്ക് തുടങ്ങിയവ കൺവീനർ തയ്യാറാക്കി നിർവ്വഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിക്കാതെ നിർവ്വഹിച്ച മേൽ പ്രോജക്ടുകൾക്കായുള്ള 7,51,093 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-8 വാട്ടർ അതോറിറ്റിയ്ക്ക് നിക്ഷേപപ്രവൃത്തി -തുടർ നടപടികളുടെ വിവരം വ്യക്തമല്ല -ചെലവുതുക തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നമ്പർ | 69/18 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 12,88,000 (ധനകാര്യ കമ്മിഷൻ ഗ്രാന്റ്) |
| ചെലവ് | 1,288,000(ബിൽ നം.170805520014006227644/28.10.2017) |

പഞ്ചായത്തിലെ പതിമൂന്ന് വാർഡുകളിൽ പൈപ്പ്ലൈൻ സ്ഥാപിയ്ക്കുന്നതിനായി ഓഡിറ്റ് വർഷം 12,88,000 രൂപ കേരളാ വാട്ടർ അതോറിറ്റി പി.എച്ച് ഡിവിഷനിൽ 10/2017-ൽ നിക്ഷേപിച്ചിരുന്നു. 10.01.2018-ൽ വാട്ടർ അതോറിറ്റിയുമായി ഏർപ്പെട്ട കരാർ പ്രകാരം 7/2018-ൽ പ്രവൃത്തി പൂർത്തീകരിയ്ക്കേണ്ടിയിരുന്നു. എന്നാൽ പ്രവൃത്തി പൂർത്തീകരണവുമായി ബന്ധപ്പെട്ട രേഖകളൊന്നും തന്നെ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മേൽ പ്രോജക്ടിനായുള്ള 12,88,000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്, ഏറ്റുമാനൂർ | 03.10.17 | 1,80,000 | 62/18-വികലാംഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 1,80,000/- | 0 |
| ജില്ലാ പഞ്ചായത്ത്, കോട്ടയം | 24.02.18 | 6,00,000 | 168/18-തൃക്കേൽ പഞ്ചായത്ത് സ്റ്റേഡിയത്തിൽ ഇൻഡോർഷട്ടിൽ കോർട്ട് നിർമ്മാണം | 0 | 6,00,000 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 1 | കെ.ഡബ്ലിയു.എ. | 69/18-പൈപ്പ്ലൈൻ വലിക്കൽ | 12,88,000 | 12,88,000 | - |
| 2 | കെ.ഡബ്ലിയു.എ. | 62/18-തച്ചേട്ട് പറമ്പ് കോളനി പൈപ്പ്ലൈൻ വലിക്കൽ | 1,00,000 | 1,00,000 | - |
| 3 | കെ.ഡബ്ലിയു.എ. | 62/18-തച്ചേട്ട് പറമ്പ് കോളനി പൈപ്പ്ലൈൻ വലിക്കൽ | 8,000 | 8,000 | - |
| 4 | കെ.എസ്.ഇ.ബി. | 74/18-സ്ട്രീറ്റ്ലൈറ്റ് മീറ്റർ | 3,92,200 | 3,92,200 | - |
| | കെ.എസ്.ഇ.ബി. | 77/18-സ്ട്രീറ്റ്ലൈറ്റ് ലൈൻ വലിക്കൽ | 49,980 | 49,980 | - |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

മൊബിലൈസേഷൻ അഡ്വാൻസ് നല്കിയിട്ടില്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പ/വായ്പ തിരിച്ചടവ് ഇനങ്ങളിൽ വരവുചെലവുകളില്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഓഡിറ്റ് വർഷം പഞ്ചായത്തിന് സ്ഥിരനിക്ഷേപങ്ങളില്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം./ തീയതി |
|---|---|---|---|---|
| 2015-16 | 3-4 | 366 | എം.സി.ജയകുമാരി അത്തിമറ്റത്തിൽ | 117100100624 / 19.05.17 |
| 2015-16 | 3-4 | 4,769 | ഗോപി എം. മങ്ങാട്ടുകാലയിൽ | 117100100625 / 19.05.17 |
| 2015-16 | 3-4 | 3,553 | ജയ സുരേഷ്, വല്യേടത്ത് താഴെ | 117100100829 / 31.05.17 |
| 2015-16 | 3-4 | 1,975 | എ.ഇ-എൽ.എസ്.ജി.ഡി.നീണ്ടൂർ | 117040100455 / 31.08.17 |
| 2007-08 | 3-1 | 954 | മെഡിക്കൽ ഓഫീസർ ഗവ. ആയുർവേദ ഡിസ്പെൻസറി | 1170401002136 / തീയതി ലഭ്യമല്ല |
| 1998-99 | 20,23 | 16,771 | രവീന്ദ്രൻ | 117020400008 / |

| | | | | |
|---|---|---|---|---|
| | | | | 14.06.17 |
| 2012-13<br>2014-15<br>2015-16 | 2-5(1)<br>2-4<br>2-3(1) | 7,500 | ഷോപ്പ് മാനേജർ, സപ്ലൈകോ | 117040103615 /<br>തീയതി ലഭ്യമല്ല |
| ആകെ | | 35,888 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 4,85,48,550 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 4,81,31,627 |
| വരവിനങ്ങളിലുള്ള നഷ്ടം | : | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | -- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 26,07,208 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 44,215 | ശ്രീ.വി.ജെ. ആന്റണി, സെക്രട്ടറി |
| 3-2 | 3,92,200 | ശ്രീ.വി.ജെ. ആന്റണി, സെക്രട്ടറി |
| 3-3 | 23,700 | ശ്രീ.വി.ജെ. ആന്റണി, സെക്രട്ടറി |
| 3-6 | 1,08,000 | ശ്രീ.വിനോദ്കുമാർ ഇ.ജി., അസിസ്റ്റന്റ് സെക്രട്ടറി |
| 3-7 | 7,51,093 | ശ്രീമതി സൗമ്യ കെ., അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-8 | 12,88,000 | ശ്രീ.വി.ജെ. ആന്റണി, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നു പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്ക്സ് |
|---|---|---|
| 1998-99 | കെ.എസ്.എ-കെ.ടി.എം.പി9/അദാ/18/56(1)/18/29.1.18 | |
| 1999-2000 | കെ.എസ്.എ-കെ.ടി.എം.പി9/അദാ18/56(2)/18/29.1.18 | |

| | | |
|---|---|---|
| 2000-01 | കെ.എസ്.എ-കെ.ടി.എം.പി9/അദാ18/56(3)/18/29.1.18 | |
| 2001-02(ഡിസിബി) | എൽ.എഫ്.കെ.പി4/890/07/28.02.08/22.03.08 | |
| 2002-03(ചെലവ്) | എൽ.എഫ്.കെ.പി4/688/05/05.05.2007 | |
| 2002-03(വരവ്) | എൽ.എഫ്.കെ.പി9/അദാ18/56(5)/18/29.1.18 | |
| 2006-07 | എൽ.എഫ്.കെ.പി9/അദാ18/56(10)/18/29.1.18 | |
| 2007-08 | എൽ.എഫ്.കെ.പി9/അദാ(18)56(11)/18/29.01.18 | |
| 2008-09 | എൽ.എഫ്.കെ.പി9/(അദാ18)/56(12)/18/29.1.18 | |
| 2009-10 | എൽ.എഫ്.കെ.പി10/406/15/23.11.2015 | |
| 2010-11 | എൽ.എഫ്.കെ.പി10/570/13/5.10.13 | |
| 2011-12 | എൽ.എഫ്.കെ.പി9/(അദാ18)56(15)/18/29.1.18 | |
| 2012-13 | എൽ.എഫ്.കെ.പി10/985/16/27.8.2016 | |
| 2013-14 | എൽ.എഫ്.കെ.പി10/1666/16/1.4.17 | |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി.10-1667/16/30.5.17 | |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി.9/954/17/19.12.17 | |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി-9/1429/17/1.01.2018 | |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.),

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

## അനുബന്ധം -1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ-കെ.ടി.എം.പി**9-17/2019** കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

ഫോൺ: **04812564886**
ഇ-മെയിൽ: **doktm.ksad@kerala.gov.in**
തീയതി: **08.03.2019**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ നീണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ നീണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക വരവുചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം